# കേരള നിയമസഭ
# 28.06.2013–ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
2013 ജൂൺ 28, വെള്ളി
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ– 262)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | 4514 മുതൽ 4590 വരെ |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | 4591 മുതൽ 4629 വരെ |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി | 4630 മുതൽ 4700 വരെ |
| പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി | 4701 മുതൽ 4775 വരെ |

## ഗ്രാമീണ ഉപജീവന മിഷൻ

4514 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എ. എം. ആരിഫ്
,, കെ. ദാസൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ ഉപജീവന മിഷൻ മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) പദ്ധതി നടത്തിപ്പിലൂടെ 2012–13 ൽ മുന്നോട്ടു വച്ചിരുന്ന ഭൗതിക ലക്ഷ്യം എന്തെല്ലാമായിരുന്നു; അവയിൽ എത്രത്തോളം നേടാനായി;

(സി) പദ്ധതി നടത്തിപ്പിലെ മെല്ലെപ്പോക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണം സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

# കേരള നിയമസഭ
## 28.06.2013–ലെ മറുപടിക്ക്

ഇന്ദിരാ ആവാസ് യോജനയിലൂടെ നൽകുന്ന വീടുകൾ

4515

ശ്രീ. എളമരം കരീം
,, സി. കൃഷ്ണൻ
,, കെ. വി. വിജയദാസ്
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ആവാസ് യോജനയിലൂടെ വിവിധ വിഭാഗങ്ങൾക്ക് നൽകുന്ന വീടുകളുടെ എണ്ണം സംബന്ധിച്ച മാനദണ്ഡങ്ങളിൽ കേന്ദ്ര സർക്കാർ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ബ്ലോക്ക് പഞ്ചായത്തുകൾ ഗുണഭോക്താക്കളെ കണ്ടെത്തി കരാർ ഒപ്പുവെച്ച് പണി തുടങ്ങിയ ശേഷമാണ് കേന്ദ്ര സർക്കാർ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം അറിയിച്ചതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം വിവിധ ബ്ലോക്ക് പഞ്ചായത്തുകൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധി തരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(സി) 2013–14 ലേക്ക് മുന്നോട്ടുവച്ച ഭൗതിക ലക്ഷ്യം നേടാൻ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം തടസ്സമാകുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 28.06.2013–ലെ മറുപടിക്ക്

വീടിനായി കാസര്‍ഗോഡ് ജില്ലയില്‍ ലഭിച്ച അപേക്ഷകള്‍

4516 ശ്രീ. ഇ. ചന്ദ്രശേഖരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം ഐ.എ.വൈ പദ്ധതി പ്രകാരം വീടുവയ്ക്കുന്നതിന് കാസര്‍കോട് ജില്ലയില്‍ എത്ര അപേക്ഷകളാണ് ലഭിച്ചത്; ഇതില്‍ എത്രയെണ്ണം അനുവദിച്ചു;

(ബി) ഇതില്‍ നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍ ആരംഭിച്ചവയുടെയും പൂര്‍ത്തിയായവയുടെയും വിവരം ലഭ്യമാക്കുമോ;

(സി) ഇതിനായി എന്തു തുക അനുവദിച്ചു നല്കിയെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>പി. എം. ജി. എസ്.വൈ.യിലുൾപ്പെടുത്തി പണികഴിപ്പിച്ച റോഡുകൾ</u>

4517 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എം. ജി. എസ്.വൈ.യിലുൾപ്പെടുത്തി പണി കഴിപ്പിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഗ്രാമവികസന വകുപ്പ് എത്ര തുക നീക്കി വെച്ചിട്ടുണ്ട്;

(ബി) കോട്ടപ്പുറം-കുണ്ടൂർകുന്ന് റോഡ് ഗതാഗതയോഗ്യമല്ലാതായി എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത റോഡ് അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കുന്നതിന് ഫണ്ട് അനുവദിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

**കേരള നിയമസഭ**
**28.06.2013-ലെ മറുപടിക്ക്**

<u>വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിലും ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിലും അനുമതി ലഭിച്ച റോഡുകൾ</u>

4518 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എം.ജി.എസ്. പദ്ധതിയിൽ ഉൾപ്പെടുത്തി വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിലും ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിലും എത്ര റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് ; ഓരോ റോഡുകളുടെയും പേരു വിവരവും അവയ്ക്ക് അനുവദിച്ച തുകയും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>പി. എം. ജി. എസ്. പദ്ധതിയിൽ നെയ്യാറ്റിൻകര മണ്ഡലത്തിലെ റോഡുകൾ</u>

4519

ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രധാന മന്ത്രി ഗ്രാമീണ സഡക് യോജനയിൽ നെയ്യാറ്റിൻകര മണ്ഡലത്തിൽ നിന്നും ഏതെങ്കിലും റോഡുകൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജനയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും പ്രവൃത്തികൾ നെയ്യാറ്റിൻകര മണ്ഡലത്തിൽ മുടങ്ങിക്കിടപ്പുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) നെയ്യാറ്റിൻകര മണ്ഡലത്തിൽ പുതുതായി ഏതെങ്കിലും റോഡുകൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച പ്രൊപ്പോസൽ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിവരം ലഭ്യമാക്കാമോ; പ്രസ്തുത വിഭാഗത്തിൽ റോഡുകൾ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>രാജീവ് ഗാന്ധി സേവാകേന്ദ്രങ്ങൾ</u>

4520 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗ്രാമ ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിൽ ഇതിനകം എത്ര രാജീവ്ഗാന്ധി സേവാ കേന്ദ്രങ്ങൾ നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി ഇതിനകം എന്തു തുക ചെലവഴിച്ചെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 28.06.2013-ലെ മറുപടിക്ക്

<u>അഹാഡ്സിന്റെ പ്രവർത്തനം</u>

4521 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ ഏജൻസിയിൽ നിന്നും അഹാഡ്സ് വായ്പയെടുത്ത 216 കോടി രൂപയിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും ഏതെല്ലാം മേഖലകളിലാണ് ചെലവിട്ടതെന്നുമുളള വിവരം ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) പരിസ്ഥിതിയുടെ പുനസ്ഥാപനത്തിലൂടെ അട്ടപ്പാടിയുടെ സുസ്ഥിര വികസനം എന്ന ലക്ഷ്യം സാധൂകരിക്കത്തക്കവിധത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത സ്ഥാപനം നടത്തിയിട്ടുളളത് എന്നറിയിക്കാമോ;

(സി) അനുബന്ധ പദ്ധതി പതിനേഴുവർഷം പൂർത്തിയാക്കിയിട്ടുളള സാഹചര്യത്തിൽ ഈ പദ്ധതിയുടെ പ്രവർത്തനങ്ങളെ ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>അഹാഡ്സിന്റെ തുവരപരിപ്പ് ഫാക്ടറി</u>

4522

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്കുളള പോഷകാഹാരപ്പൊടി വിതരണം ചെയ്യുന്നതിനായി അഹാഡ്സ് തുവരപരിപ്പ് ഫാക്ടറി സ്ഥാപിച്ചിട്ടുണ്ടോ; ഇതിനായി എത്ര രൂപാ ചെലവഴിച്ചുവെന്നും ഏത് ഫണ്ടിൽനിന്നാണ് ഈ തുക വിനിയോഗിച്ചതെന്നും വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ ഫാക്ടറി പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിനുളള കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

ഇ. എ. ആർ. എ. എസ് സർവ്വേ

T4523 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇംപ്രൂവ്മെന്റ് ഓഫ് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് പദ്ധതിയുടെ കീഴിലെ ഇ. എ. ആർ. എ. എസ്. സർവ്വെ കാര്യക്ഷമമായി പൂർത്തിയാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സർവ്വെ ഫലങ്ങൾ വിലയിരുത്തി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഏതെല്ലാം വിളകൾക്കാണ് പ്രാമുഖ്യം നൽകേണ്ടതെന്ന് ഈ കാർഷിക സ്ഥിതി വിവരക്കണക്കിന്റെ അടിസ്ഥാനത്തിൽ തീരുമാനിച്ചിട്ടുണ്ടോ; വിശദ വിവരം നൽകാമോ;

(ഡി) കാർഷിക രംഗത്തും, അനുബന്ധ മേഖലകളിലും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഇതുമൂലം സാധിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>നിർമ്മൽ ഗ്രാമപുരസ്കാരം നേടിയ ബ്ലോക്ക് പഞ്ചായത്തുകൾ</u>

4524 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ബ്ലോക്ക് പഞ്ചായത്തുകളാണ് നിലവിലുള്ളത്;

(ബി) എത്ര ബ്ലോക്ക് പഞ്ചായത്തുകൾക്ക് നാളിതുവരെ നിർമ്മൽ ഗ്രാമ പുരസ്കാരം ലഭിച്ചിട്ടുണ്ട്;

(സി) ഇനി എത്ര ബ്ലോക്ക് പഞ്ചായത്തുകൾക്ക് പുരസ്കാരം ലഭിക്കാനുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) മുഴുവൻ ബ്ലോക്ക് പഞ്ചായത്തുകൾക്കും ഈ പുരസ്കാരം ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് കെട്ടിടം

4525

ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പുതിയതായി രൂപീകരിച്ച ബ്ലോക്ക് പഞ്ചായത്തുകൾ ഏതൊക്കെയാണ്;

(ബി) കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് സ്വന്തമായി കെട്ടിടം പണിയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഓഫീസ് കെട്ടിടം

4526 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുതായി എത്ര ബ്ലോക്ക് പഞ്ചായത്തുകൾ രൂപീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പുതുതായി രൂപീകരിച്ച ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ ഓരോ ബ്ലോക്ക് പഞ്ചായത്തിനും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) കാസർഗോഡ് ജില്ലയിൽ കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നൽകാതിരിക്കാനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>ബ്ലോക്ക് പഞ്ചായത്തുകളിൽ അസിസ്റ്റൻറ് എൻജിനീയർ തസ്തിക</u>

4527

ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബ്ലോക്ക് പഞ്ചായത്തുകളിൽ അസിസ്റ്റന്റ് എൻജിനീയർ തസ്തിക അനുവദിച്ച്കൊണ്ട് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതനുസരിച്ച് എത്ര ബ്ലോക്ക് പഞ്ചായത്തുകളിൽ എ. ഇ. മാരെ നിയമിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>വികസന പരിശീലന കേന്ദ്രങ്ങളിലെ ലക്ചറർ നിയമനം</u>

4528 ശ്രീ. റ്റി. എ. അഹമ്മദ് ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിലെ വികസന പരിശീലന കേന്ദ്രങ്ങളിൽ ലക്ചറർ ഗ്രേഡ് -II തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും, എത്ര ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ലക്ചറർ ഗ്രേഡ് - II തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

ബി. ഡി. ഒ. തസ്തികയിലേക്ക് താത്ക്കാലിക നിയമനം

4529 ശ്രീ.കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിൽ ബി. ഡി.ഒ തസ്തികയിലേക്ക് ഒരു വിഭാഗത്തിനു മാത്രമായി താത്ക്കാലിക പ്രമോഷൻ നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് തിരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) ബ്ലോക്ക് പഞ്ചായത്തിൽ അക്കൗണ്ടന്റ് തസ്തിക അനുവദിക്കുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ;

(സി) പുതിയ അക്കൗണ്ടന്റ് തസ്തിക സൃഷ്ടിക്കുന്നതു മൂലം മറ്റേതെങ്കിലും തസ്തികയ്ക്ക് പ്രമോഷൻ സാദ്ധ്യത നഷ്ടപ്പെടുമെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരുടെ നിയമനം

4530 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 26.08.2009-ലെ ജി.ഒ.(എം.എസ്) 167/09/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവു പ്രകാരം എത്ര ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരെ നിയമിച്ചിട്ടുണ്ടെന്നും, അവ രാരെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരിൽ എം.എസ്.ഡബ്ല്യു. യോഗ്യതയുള്ളവരെ ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, പഞ്ചായത്ത് ഡെവലപ്മെന്റ് ഓഫീസർ എന്നീ തസ്തികകളിൽ നിയമിക്കുന്നകാര്യം പരിഗണനയിലുണ്ടോ;

(സി) ഉണ്ടെങ്കിൽ അക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കുറ്റമറ്റതാക്കാൻ നടപടി</u>

4531 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് 2012-ലെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ടിലെ പരാമർശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കുറ്റമറ്റതാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

പദ്ധതിവിഹിതം വിനിയോഗിക്കുന്നില്ലെന്ന കാര്യം

T4532 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓരോ സാമ്പത്തികവർഷവും സർക്കാർ വകുപ്പുകൾ പദ്ധതി വിഹിതം കൃത്യമായി വിനിയോഗിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാമ്പത്തിക വർഷാവസാനത്തിലും ആകെ പദ്ധതിവിഹിതത്തിന്റെ പകുതിപോലും ചില വകുപ്പുകൾ ചെലവഴിക്കാത്തതു സംബന്ധിച്ച കണക്കുകൾ പരിശോധിച്ചിട്ടുണ്ടോ;

(സി) പദ്ധതി വിഹിതം കൃത്യമായി വിനിയോഗിക്കുന്നതിനും അവലോകന യോഗങ്ങൾ ചേർന്ന് പുരോഗതികൾ വിലയിരുത്തുന്നതിനും നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
# 28.06.2013-ലെ മറുപടിക്ക്

<u>ബി. കെ. ചതുർവേദി കമ്മീഷന്റെ ശുപാർശകൾ</u>

T4533

ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, എം. ചന്ദ്രൻ
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ഇളവു സംബന്ധിച്ച് ബി. കെ. ചതുർവേദി കമ്മീഷന്റെ ശുപാർശകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) റിപ്പോർട്ട് നടപ്പിലാക്കാൻ കേന്ദ്ര സർക്കാർ സ്വീകരിച്ച നടപടിയുടെ ഭാഗമായി ആസൂത്രണ കമ്മീഷൻ നടത്തിയ ചർച്ചകളിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് മുന്നോട്ടുവച്ചതെന്ന് വിശദമാക്കാമോ;

(സി) ഈ വിഷയത്തിൽ സംസ്ഥാനത്തിന്റെ നിലപാട് എന്തായിരുന്നുവെന്ന് പ്രസ്തുത യോഗത്തിൽ വ്യക്തമാക്കിയിരുന്നോ; എങ്കിൽ അതിന്റെ വിശദാംശം എന്തൊക്കെയായിരുന്നു;

(ഡി) പ്രസ്തുത യോഗത്തിലെ തീരുമാനമനുസരിച്ച് സംസ്ഥാനത്തിന്റെ രേഖാമൂലമുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചുവോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) പിന്നോക്ക പ്രദേശങ്ങൾക്കുള്ള മാർഗ്ഗരേഖ പുനർനിശ്ചയിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തിന്മേൽ എന്ത് സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

**ദേശീയ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കാൻ കർമ്മപദ്ധതികൾ**

4534

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, കെ. മുരളീധരൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പഞ്ചായത്ത് തല നടപടികൾ കൂടുതൽ കാര്യക്ഷമമാക്കാനും തൊഴിലുറപ്പ് പദ്ധതികൾ ശാസ്ത്രീയമാക്കാനും എന്തെല്ലാം കാര്യങ്ങളാണ് മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**28.06.2013-ലെ മറുപടിക്ക്**

<u>തൊഴിലുറപ്പ് പദ്ധതിയുടെ ജോലിസമയം പുനർനിർണ്ണയം</u>

4535 ശ്രീ. വി. ഡി. സതീശൻ
,, പാലോട് രവി
,, വി. റ്റി. ബൽറാം
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ജോലി സമയം പുനർനിശ്ചയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ജോലി സമയത്തിൽ വരുന്ന കുറവ് എങ്ങനെയാണ് പരിഹരിക്കപ്പെടുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതുസംബന്ധിച്ച് കൂലിയിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതിയിൽ ചട്ടപ്രകാരമുള്ള വേതനം</u>

4536

ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിപ്രകാരമുള്ള വേതനം എത്ര ദിവസത്തിനകം നൽകണമെന്നാണ് ചട്ടം അനുശാസിക്കുന്നത്;

(ബി) പ്രസ്തുത സമയപരിധിക്കുളളിൽ വേതനം ലഭിക്കുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തരൂർ മണ്ഡലത്തിലെ കോട്ടായി പഞ്ചായത്തിൽ പ്രസ്തുത പദ്ധതി പ്രകാരം ചെയ്ത തൊഴിലിന്റെ കൂലി നൽകാനുണ്ടോ; ഉണ്ടെങ്കിൽ എത്ര ബിൽ പ്രകാരം എത്ര രൂപയാണ് നൽകാനുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തുകമാറി നൽകാത്തതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഇ) ഏതെങ്കിലും ഉദ്യോഗസ്ഥന്റെ നിരുത്തരവാദിത്വംകൊണ്ടാണ് ബിൽ തുക മാറി നല്കാത്തതെന്ന് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ആ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 28.06.2013-ലെ മറുപടിക്ക്

<u>തൊഴിലവകാശ പദ്ധതി</u>

4537 ശ്രീ. സി. ദിവാകരൻ
'' ചിറ്റയം ഗോപകുമാർ
ശ്രീമതി ഗീതാ ഗോപി
ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി തൊഴിലവകാശ പദ്ധതിയായി മാറ്റിയിട്ടുണ്ടോ; ഉണ്ടെങ്കിൽ തൊഴിലവകാശ പദ്ധതിയുടെ പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) തൊഴിലുറപ്പു പദ്ധതിയുടെ പ്രവർത്തന മാർഗ്ഗരേഖയിൽ എന്തെല്ലാമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) തൊഴിലില്ലാത്ത ദിവസങ്ങളിൽ തൊഴിൽ വേതനം നൽകുന്നതിന് മാർഗ്ഗരേഖയിൽ നിർദ്ദേശമുണ്ടോ;

(ഡി) കൃഷിയിടങ്ങൾ, പച്ചക്കറി തോട്ടങ്ങൾ എന്നിവയിലെ ജോലികൾ കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇവകൂടി ഉൾപ്പെടുത്തുന്നതിന് സമ്മർദം ചെലുത്തുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>

4538 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2012 -2013 സാമ്പത്തിക വർഷം എത്ര തുക ചെലവഴിച്ചു എന്നും ഇത് അനുവദിക്കപ്പെട്ട തുകയുടെ എത്ര ശതമാനമാണെന്നും വെളിപ്പെടുത്തുമോ ;

(ബി) തൊഴിലുറപ്പ് പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് ശരാശരി എത്ര തൊഴിൽ ദിനങ്ങൾ നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഏത് മേഖലയിലാണ് ഏറ്റവും കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റവും കൂടുതൽ ശതമാനം തുക ചെലവഴിച്ച പഞ്ചായത്ത് ഏതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതിയിൽ മോണിട്ടറിംഗ് സംവിധാനം</u>

T4539 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതി ഉദ്ദിഷ്ട ലക്ഷ്യങ്ങൾ പൂർത്തീകരിക്കാൻ കഴിയാതെ സ്വകാര്യ വ്യക്തികളുടെ പറമ്പും റബ്ബർ തോട്ടങ്ങളും വൃത്തിയാക്കുന്ന അവസ്ഥയിലാണ് എത്തിച്ചേർന്നിട്ടുള്ളതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ ഭൂമികളിലും വസ്തുവകകളിലും ക്രിയാത്മകമായ രീതിയിൽ തൊഴിൽ ചെയ്യുന്നതിന് ദീർഘവീക്ഷണമുള്ള പദ്ധതികൾ നടപ്പിലാക്കുവാനുള്ള നിർദ്ദേശങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകുമോ;

(സി) തൊഴിലുറപ്പ് പദ്ധതിയിലെ അഴിമതിയും ക്രമക്കേടും കണ്ടുപിടിക്കുവാൻ പ്രത്യേക മോണിട്ടറിംഗ് സംവിധാനം നിലവിലുണ്ടോ?

## കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

വികലാംഗർക്കും സ്ത്രീകൾക്കും മുതിർന്ന പൗരൻമാർക്കും തൊഴിലുറപ്പ് പദ്ധതിയിൽ ജോലി

4540 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, അൻവർ സാദത്ത്
,, ജോസഫ് വാഴക്കൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികലാംഗർക്കും, സ്ത്രീകൾക്കും മുതിർന്ന പൗരൻമാർക്കും തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ഉറപ്പാക്കാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഇത് സംബന്ധിച്ച് കേന്ദ്രനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതി വഴി മാലിന്യ നിർമ്മാർജ്ജനം</u>

4541

ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പ്/ആരോഗ്യ വകുപ്പ് എന്നിവയുമായി ബന്ധപ്പെട്ട മാനില്യനിർമ്മാർജ്ജനം, സംസ്കരണം, പൾസ് പോളിയോ, കൊതുകു നിവാരണം എന്നിവയ്ക്കുള്ള ഫിൽഡ് തല വോളന്റിയർ പ്രവർത്തനങ്ങൾ തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെടുത്തി നിർവ്വഹിക്കുന്നതിന് നിലവിലുള്ള തടസ്സം എന്താണ്; അറിയിക്കുമോ;

(ബി) ആയതിന്മേലുള്ള സാങ്കേതിക തടസ്സം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്തിന്റെ പ്രത്യേകതകൾക്ക് അനുസൃതമായി ഉപയോഗ യോഗ്യമാക്കുന്നതിന് ആലോചന നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അനുസരിച്ച് വൈക്കം നിയോജകമണ്ഡലത്തിൽ ചെലവഴിച്ച തുക</u>

4542 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അനുസരിച്ച് വൈക്കം നിയോജകമണ്ഡലത്തിലെ ഓരോ പഞ്ചായത്തും എത്ര തുക വീതം ചെലവഴിച്ചു എന്നും അത് അനുവദിച്ച തുകയുടെ എത്ര ശതമാനമാണെന്നും വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഓരോ പഞ്ചായത്തും ഓരോ തൊഴിലാളിക്കും എത്ര തൊഴിൽ ദിനങ്ങൾ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിൽ നിയോജകമണ്ഡലത്തിലെ ഓരോ പഞ്ചായത്തും മുൻവർഷങ്ങളിൽ നിന്നും വ്യത്യസ്തമായി എത്ര തൊഴിൽ ദിനങ്ങൾ ഓരോ തൊഴിലാളിക്കും അധികമായി നൽകാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ;

(ഡി) കാർഷിക മേഖലയിൽ സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ എത്രയെന്നും ഇതുമൂലം കാർഷികവിളകളുടെ ഉൽപ്പാദനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോയെന്നും വെളിപ്പെടുത്തുമോ

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

### അട്ടപ്പാടി മേഖലയിലെ തൊഴിലുറപ്പു പദ്ധതി

4543 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി മേഖലയിലെ മൂന്ന് പഞ്ചായത്തിൽ എത്ര പേരാണ് തൊഴിലുറപ്പു പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്; എത്ര തൊഴിൽ ദിനങ്ങളാണ് ശരാശരി കഴിഞ്ഞ ഒരു വർഷം ലഭിച്ചത്; ഇവരുടെ വേതനം പൂർണ്ണമായും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നൽകാതിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മൂന്ന് പഞ്ചായത്തുകളിലുമായി എത്ര ആദിവാസികളാണ് തൊഴിൽ ഉറപ്പു പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്; ഇതിൽ എത്ര പേർക്ക് ഇതുവരെ എത്ര തൊഴിൽ ദിനങ്ങൾ ലഭിച്ചു; ഇവരുടെ വേതനം പൂർണ്ണമായും നൽകിയിട്ടുണ്ടോ; എത്ര തുകയാണ് ഇവരുടെ വേതനമായി നൽകാനുള്ളത്?

# കേരള നിയമസഭ
# 28.06.2013–ലെ മറുപടിക്ക്

## അട്ടപ്പാടിയിലെ ആദിവാസികൾക്ക് തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടി

T4544 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി എത്ര ആദിവാസികൾക്ക് തൊഴിൽ നൽകുന്നതിന് സർക്കാരിന് കഴിഞ്ഞു;

(ബി) 2011–12, 2012–13 കാലയളവിൽ എത്ര ആദിവാസികൾക്ക് എത്ര തൊഴിലുകൾ നൽകി; തൊഴിലുറപ്പ് പദ്ധതി പ്രകാരം എത്ര രൂപ കൂലിയായി നൽകി; വിശദമായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(സി) തൊഴിലുറപ്പ് പദ്ധതിപ്രകാരമുളള കൂലി നൽകുന്ന കാര്യത്തിൽ കുടിശ്ശിക എത്രയുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ആദിവാസികൾക്ക് തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>ഗാഡ്ഗിൽ കമ്മീഷൻ റിപ്പോർട്ട്</u>

4545 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, സി. മമ്മൂട്ടി
,, എൻ. ഷംസുദ്ദീൻ
,, എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ട ത്വരിത വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദ വിവരം നൽകാമോ;

(ബി) ഗാഡ്ഗിൽ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ ഈ പദ്ധതികളുടെ നടത്തിപ്പിനെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിൽ നബാർഡ് സഹായ പദ്ധതികൾ</u>

T4546 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രധാനമായും ഏതെല്ലാം മേഖലകളിലാണ് നബാർഡ് സഹായ പദ്ധതികൾ നിലവിലുള്ളത്;

(ബി) നബാർഡ് സഹായ പദ്ധതികൾ അനുവദിക്കുന്നത് സംബന്ധിച്ച നടപടിക്രമം വ്യക്തമാക്കുമോ;

(സി) മലപ്പുറം ജില്ലയിൽ കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച നബാർഡ് സഹായ പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) നബാർഡ് സഹായ പദ്ധതികളിൽ മലപ്പുറം ജില്ലയിൽ നിന്നും പരിഗണനയിലുള്ള പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 28.06.2013–ലെ മറുപടിക്ക്

<u>സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കാൻ തീരുമാനിച്ച പദ്ധതികൾ</u>

T4547 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കാൻ തീരുമാനിച്ച പദ്ധതികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം സർക്കാർ വകുപ്പുകളിൻ കീഴിൽ ഏതെല്ലാം രംഗത്ത് ഏതെല്ലാം സ്വകാര്യ പങ്കാളികളുമായി പദ്ധതി നടപ്പിലാക്കാൻ ഇതിനകം ധാരണയായിട്ടുണ്ട്; ഓരോ പദ്ധതിയിലേയും സർക്കാർ പങ്കാളിത്തം എത്ര ശതമാനം വീതം; എന്ത് തുകയാണ്;

(സി) പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കാൻ തീരുമാനിച്ച പദ്ധതികളിൽ നടപ്പാക്കിയവ ഏതൊക്കെയാണ്; വിശദമാക്കുമോ?

# കേരള നിയമസഭ
## 28.06.2013–ലെ മറുപടിക്ക്

ബി. പി. എൽ കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വായ്പ

T4548 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബി. പി. എൽ കുടുംബാംഗങ്ങളായ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വായ്പ പലിശ ഇളവിനായി 2012 – 13 ബഡ്ജറ്റിൽ എത്ര തുകയാണ് വകയിരുത്തിയതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര തുക 2012–13 ൽ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഈ ഇനത്തിൽ അനുവദിച്ച തുക, ചെലവഴിക്കുന്നതിനായി അലോട്ട് ചെയ്ത തീയതിക്കു മുമ്പു തന്നെ തിരിച്ചടയ്ക്കണമെന്നാവശ്യപ്പെട്ട് ഉത്തരവിറക്കിയിരുന്നോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 28.06.2013–ലെ മറുപടിക്ക്

<u>ബാങ്കുകൾ മുഖേനയുള്ള വിദ്യാഭ്യാസ വായ്പ</u>

4549 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാങ്കുകൾ വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിൽ വൈമുഖ്യം കാട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് സംസ്ഥാനതല ബാങ്കേഴ്സ് സമിതി യോഗത്തിൽ എന്തൊക്കെ തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത്; വിശദമാക്കുമോ;

(ബി) എഞ്ചിനീയറിംഗ്, മെഡിക്കൽ, നേഴ്സിംഗ് കോഴ്സുകളിലേക്കുള്ള പ്രവേശനം ആരംഭിക്കാനിരിക്കെ ഇതു സംബന്ധിച്ച് അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) ഇപ്പോൾ ബാങ്ക് വഴി നൽകിവരുന്ന വിദ്യാഭ്യാസ വായ്പകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ വായ്പ എടുത്തവരുടെ വിവരങ്ങൾ</u>

4550 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2003 മുതൽ വിവിധ ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസ വായ്പ എടുത്തവരുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് സംസ്ഥാനതല ബാങ്കിംഗ് സമിതി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വെളിപ്പെടുത്തുമോ;

(സി) ഇതിൽ ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്നവരുടെ തിരിച്ചടയ്ക്കാൻ സാധിക്കാത്ത വായ്പകളിൻമേൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

ജാതി സെൻസസിൽ പങ്കെടുത്ത എനന്യൂമറേറ്റർമാർക്ക് ലഭിക്കാനുള്ള ബത്തകൾ

T4551 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12-ലെ ജാതി സെൻസസിൽ പങ്കെടുത്ത എന്യൂമറേറ്റർമാർക്ക് നൽകേണ്ട ബത്തകൾ എല്ലാ എന്യൂമറേറ്റർമാർക്കും നൽകിയിട്ടില്ല എന്ന വ്യാപകമായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാളിതുവരെ പ്രസ്തുത ബത്തകൾ നല്കുവാൻ കഴിയാത്തത് സംബന്ധിച്ച വിശദീകരണം നൽകുമോ;

(സി) ആയത് ലഭ്യമാക്കുന്നതിന് നടത്തിയിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത സെൻസസിന്റെ കാലാവധി പൂർത്തിയായി കഴിഞ്ഞിട്ടും ബത്ത ലഭ്യമാകാത്ത സാഹചര്യത്തിൽ ആയത് നൽകുന്നതിനാവശ്യമായ അടിന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

പാൽ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത

4552 ശ്രീ. സി. പി. മുഹമ്മദ്
'' ബെന്നി ബെഹനാൻ
'' വർക്കല കഹാർ
'' സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 12-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ കേരളത്തെ പാലിന്റെയും പാൽ ഉൽപ്പന്നങ്ങളുടെയും ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തമാക്കുന്നതിന് സർക്കാർ ലക്ഷ്യമിടുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(സി) ക്ഷീര കർഷകരുടെ പെൻഷൻ പ്രതിമാസം 500 രൂപയാക്കാനുള്ള പദ്ധതി സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>അസോള കൃഷിക്ക് ധനസഹായം</u>

4553 ശ്രീ. ബെന്നി ബെഹനാൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, എം. എ. വാഹീദ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീറ്റപ്പുൽ കൃഷി ചെയ്യുന്ന ക്ഷീരകർഷകർക്ക് അസോള കൃഷിക്ക് ധനസഹായം നൽകാൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>ക്ഷീരകർഷകർക്ക് ക്യാഷ് അവാർഡ്</u>

4554 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, സണ്ണി ജോസഫ്
,, എം. എ. വാഹീദ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകർക്ക് സംസ്ഥാന-മേഖല-ജില്ലാതലത്തിൽ ക്യാഷ് അവാർഡ് ഏർപ്പെടുത്താൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

പാലുല്പാദനത്തിൽ സ്വയം പര്യാപ്തത

4555 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പാലുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു;

(ബി) നിലവിൽ സംസ്ഥാനത്ത് എത്ര ലിറ്റർ പാലിന്റെ ഉപയോഗമാണുള്ളത്; ആയതിൽ എത്ര ലിറ്റർ സംസ്ഥാനത്ത് ഇപ്പോൾ ഉത്പാദിപ്പിക്കുന്നു; വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ വർഷം സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പാൽ ഉത്പാദിപ്പിച്ച ജില്ല ഏതാണ്; എത്ര ലിറ്റർ പാൽ ഉത്പാദിപ്പിച്ചു;

(ഡി) ക്ഷീര കർഷകരായി സംസ്ഥാനത്ത് ഇപ്പോൾ എത്ര പേർ ജോലി നോക്കുന്നു; ഇവരെ കൂടി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയോ; വിശദമാക്കുമോ;

(ഇ) ഭക്ഷ്യവസ്തുക്കൾക്ക് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന രീതിക്ക് മാറ്റം വരുത്തണമെന്ന പന്ത്രണ്ടാം പദ്ധതി ലക്ഷ്യം നടപ്പാക്കാൻ ക്ഷീര വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2013–ലെ മറുപടിക്ക്

<u>അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന പാലിന്റെ ഗുണമേന്മ</u>

4556 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ദിവസം ശരാശരി എത്ര ലിറ്റർ പാൽ ആണ് ആവശ്യമുള്ളത് ;

(ബി) ദിനംപ്രതി എത്ര ലിറ്റർ പാലാണ് ആഭ്യന്തര ഉല്പാദനം വഴി ലഭിക്കുന്നത് ;

(സി) ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന പാലിനു പുറമേ കൂടുതലായി ആവശ്യമുള്ള പാൽ ഏതൊക്കെ സംസ്ഥാനങ്ങളിൽ നിന്നാണ് എത്തുന്നത് ;

(ഡി) അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന പാലിന്റെ ഗുണമേന്മ പരിശോധിച്ച് ഉറപ്പുവരുത്താൻ എന്തൊക്കെ സംവിധാനമാണ് നിലവിലുള്ളത് ;

(ഇ) അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന ഏതൊക്കെ പേരുകളിലുള്ള പാലുകളാണ് ഗുണമേന്മയില്ലാത്തതായി കണ്ടെത്തിയിട്ടുള്ളത്; ഇവയ്ക്കെതിരെ സ്വീകരിച്ച നടപടി എന്തൊക്കെയാണ് ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 28.06.2013–ലെ മറുപടിക്ക്

<u>കാലിത്തീറ്റയുടെ വില വർദ്ധനവ്</u>

4557 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലിത്തീറ്റയുടെ അടിക്കടിയുണ്ടാകുന്ന വിലവർദ്ധനവ് ക്ഷീരകർഷകരെ പ്രതികൂലമായി ബാധിക്കുന്നതു തടയാൻ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ;

(സി) ഗവൺമെന്റ് ഉടമസ്ഥതയിലുളള കാലിത്തീറ്റ ഫാക്ടറികളിൽ നിന്നും ക്ഷീരകർഷകർക്ക് മിതമായ നിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ക്ഷീരകർഷകരെ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 28.06.2013-ലെ മറുപടിക്ക്

<u>കാലിത്തീറ്റയ്ക്ക് സബ്സിഡി</u>

4558 ശ്രീ. കെ. ശിവദാസൻ നായർ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഡൊമിനിക് പ്രസന്റേഷൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് വർഷം മുഴുവൻ കാലിത്തീറ്റയ്ക്ക് സബ്സിഡി ഏർപ്പെടുത്താൻ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>പാൽ പാസ്ച്ചറൈസ് ചെയ്യാൻ കഴിയുന്ന ഡയറി പ്ലാന്റ്</u>

4559 ശ്രീ. എ. റ്റി. ജോർജ്
'' വർക്കല കഹാർ
'' വി. ഡി. സതീശൻ
'' എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാസ്ക്കാരികവും**
**നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാൽ പാസ്ച്ചറൈസ് ചെയ്യാൻ കഴിയുന്ന ഡയറി പ്ലാന്റ് സ്ഥാപിക്കുന്നതിന് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>ക്ഷീര സഹകരണ സംഘങ്ങളെ ആധുനീകരിക്കാനായി പദ്ധതികൾ</u>

4560 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീരമേഖലയുടെ പുരോഗതിക്കായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ; എന്തെല്ലാം പ്രോജക്ടുകൾ ആണ് നിലവിൽ നടപ്പിലാക്കി വരുന്നത്:

(ബി) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന പാലിന്റേയും, അന്യ സംസ്ഥാനത്ത് നിന്നും വരുന്ന പാലിന്റേയും ഗുണനിയന്ത്രണങ്ങൾ ക്ഷീര വികസനവകുപ്പ് എങ്ങനെയാണ് നടത്തുന്നതെന്ന് വിശദീകരിക്കാമോ;

(സി) പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീര സഹകരണ സംഘങ്ങളെ ഏതെല്ലാം വിധത്തിലാണ് വകുപ്പ് സഹായിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ ക്ഷീര സഹകരണ സംഘങ്ങളെ ആധുനികവൽക്കരിക്കുന്നതിനായി എന്തെല്ലാം പ്രോജക്ടുകൾ നടപ്പിലാക്കി; എത്ര തുക ചെലവഴിച്ചു; ജില്ലാടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത കാലയളവിൽ എത്ര ക്ഷീര സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തു; ജില്ലാടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കുമോ;

(എഫ്) 2006-2011 കാലഘട്ടത്തിൽ സംസ്ഥാനത്ത് എത്ര ക്ഷീര സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തു; ജില്ലാടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ;

(ജി) ക്ഷീരോൽപ്പാദനം ലാഭകരമാക്കുന്നതിനായി എവിടെയെല്ലാം പച്ചപ്പുല്ല് ഫാം പ്രവർത്തിക്കുന്നുണ്ട്; എത്ര ഏക്കർ പുൽകൃഷി നടപ്പിലാക്കി വരുന്നു; ക്ഷീരകർഷകർക്ക് പുൽകൃഷി സംബന്ധിച്ച് എന്തെല്ലാം പഠന സൗകര്യങ്ങൾ ആണ് തിരുവനന്തപുരം വലിയതുറ സ്വീവേജ് ഫാമിൽ ഒരുക്കിയിട്ടുള്ളത്; 2011-12, 2012-13 കാലഘട്ടത്തിൽ കർഷകർക്കായി എന്തെല്ലാം പാഠ്യാനുബന്ധപ്രവർത്തനങ്ങൾ സംഘടിപ്പിച്ചു; എത്ര കർഷകർക്ക് അതിന്റെ ഗുണം ലഭിച്ചു?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>ക്ഷീര സംഘങ്ങളുടെ രജിസ്ട്രേഷനും ലിക്വിഡേഷനും</u>

4561 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര ക്ഷീര സഹകരണ സംഘങ്ങൾ പുതിയതായി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കാലയളവിൽ എത്ര ക്ഷീര സംഘങ്ങൾ ലിക്വിഡേറ്റ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനായി ലിക്വിഡേറ്റർമാരെ നിയമിച്ചിട്ടുള്ള എത്ര ക്ഷീര സംഘങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>ക്ഷീരകർഷക പെൻഷൻ</u>

4562 ശ്രീ. സണ്ണി ജോസഫ്
,, അൻവർ സാദത്ത്
,, ജോസഫ് വാഴക്കൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീര സംഘങ്ങളിൽ പാൽ നൽകുന്ന എല്ലാ കർഷകർക്കും പെൻഷൻ നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>വെങ്ങാനൂർ ക്ഷീരോത്പാദക സംഘത്തിലെ ക്രമക്കേടുകൾ</u>

4563 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെങ്ങാനൂർ ക്ഷീരോത്പാദക സംഘത്തിലെ ക്രമക്കേടുകളെ സംബന്ധിച്ച് ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ വിശദാംശങ്ങളും അതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>ക്ഷീരസഹകരണ സംഘങ്ങളുടെ പ്രവർത്തനമാന്ദ്യം</u>

4564 ശ്രീ. കെ.എൻ.എ. ഖാദർ
'' കെ.എം.ഷാജി
'' എം. ഉമ്മർ
'' സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീരസഹകരണസംഘങ്ങളുടെ പ്രവർത്തനം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സഹകരണ സംഘങ്ങളുടെ പ്രവർത്തനമാന്ദ്യത്തിനുള്ള കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) മിൽമയുടെ പ്രവർത്തനങ്ങളിൽ ക്ഷീരസഹകരണസംഘങ്ങൾക്കുള്ള പങ്ക് എന്താണെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>മിൽമ പാൽ വില്പന</u>

4565 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിൽമയുടെ ശരാശരി പാൽ വിൽപ്പന എത്ര ലിറ്ററാണ്; മേഖല തിരിച്ച് വ്യക്തമാക്കുമോ;

(ബി) മിൽമയുടെ ശരാശരി പ്രതിദിന വരുമാനം എത്ര; പ്രതി ദിന ചെലവ് എത്ര; വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ ഒരു ലിറ്റർ പാലിന് മിൽമ എത്ര രൂപ ഈടാക്കിയിരുന്നു; എത്ര പ്രാവശ്യമാണ് ഈ സർക്കാർ വന്നശേഷം പാൽ വില വർദ്ധിപ്പിച്ചത്; ഇതിൽ കർഷകർക്ക് എപ്രകാരമുളള പ്രയോജനമാണ് ലഭിച്ചത്; വ്യക്തമാക്കുമോ;

(ഡി) മിൽമയുടെ വികസനത്തിനായി പുതിയ എന്തൊക്കെ പദ്ധതികൾക്കാണ് ഈ സർക്കാർ രൂപം നൽകിയിട്ടുളള ത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>മിൽമ ജീവനക്കാർക്ക് പുതുക്കിയ വേതനം</u>

4566 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിൽമ ജീവനക്കാരുടെ ശമ്പളപരിഷ്കരണ കരാർ ഒപ്പു വച്ച് മൂന്നുമാസം പിന്നിട്ടിട്ടും പുതുക്കിയ കരാർ പ്രകാരമുള്ള സേവന-വേതന ആനുകൂല്യങ്ങൾ നൽകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സേവന-വേതന വ്യവസ്ഥ പ്രകാരമുള്ള ആനുകൂല്യങ്ങൾ അടിയന്തിരമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>സി.എം.ഡി, സി-ഡിറ്റിനുവേണ്ടി തയ്യാറാക്കിയ റിപ്പോർട്ട്</u>

4567 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് എന്ന സ്ഥാപനത്തിനോട് സി-ഡിറ്റ് ഔദ്യോഗികമായി 'റൂൾസ് ഫോർ റിക്രൂട്ട്മെന്റ് ആൻഡ് പ്രൊമോഷൻ പോളിസി ഫോർ ടെക്നിക്കൽ ആൻഡ് അഡ്മിനിസ്ട്രേറ്റിവ് സ്റ്റാഫ്' എന്ന റിപ്പോർട്ട് തയ്യാറാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ, ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് നൽകാമോ;

(ബി) പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കുന്നതിന് എത്ര തുക സി-ഡിറ്റിൽ നിന്ന് നൽകിയിട്ടുണ്ട്;

(സി) പ്രസ്തുത റിപ്പോർട്ട് സി.എം.ഡി. പൂർത്തീകരിച്ച് സി-ഡിറ്റിന് നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് നൽകുമോ;

(ഡി) പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കുന്നതിനായി സി-ഡിറ്റ് സന്ദർശിച്ച് സി.എം.ഡി പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ, അതുമായി ബന്ധപ്പെട്ട രേഖകൾ നൽകുമോ;

(ഇ) വ്യക്തമായ പഠനം നടത്താതെയാണ് പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതെങ്കിൽ റിപ്പോർട്ട് റദ്ദു ചെയ്യുവാൻ നടപടി സ്വീകരിക്കുമോ;

(എഫ്) സി.എം.ഡി റിപ്പോർട്ട് സി-ഡിറ്റിന്റെ രജിസ്ട്രാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവർക്ക് ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ, എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ;

(ജി) സി.എം.ഡി റിപ്പോർട്ട് സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് വകുപ്പിനാണ് സമർപ്പിച്ചത്; സി-ഡിറ്റിന്റെ ഭരണ വകുപ്പായ ഐ&പി.ആർ.ഡി ക്ക് സമർപ്പിച്ചിട്ടുണ്ടോ; സർക്കാറിന്

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

സമർപ്പിച്ചതിന്റെ ഔദ്യാഗിക രേഖകൾ ലഭ്യമാക്കുമോ;

(എച്ച്) സി-ഡിറ്റിലെ ജീവനക്കാരും രജിസ്ട്രാർ, എ.ഒ എന്നിവരും അറിയാതെ ഏതാനും വ്യക്തികൾക്ക് അനധികൃതമായി ഉയർന്ന തസ്തികയും വേതനവും നൽകുവാനായി രഹസ്യമായി സി.എം.ഡി. റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അങ്ങനെ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ച സി-ഡിറ്റ് അധികാരിക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഐ) സി.എം.ഡി. റിപ്പോർട്ട് സി-ഡിറ്റിന്റെ ഭരണ സമിതികളിൽ സമർപ്പിച്ചിട്ടുണ്ടോ; ഗവേണിംഗ് ബോഡി, എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവയുടെ അംഗീകാരം പ്രസ്തുത റിപ്പോർട്ടിന് ലഭിച്ചിട്ടുണ്ടോ;

(ജെ) ഇല്ലെങ്കിൽ, അംഗീകാരം ലഭിക്കാത്ത റിപ്പോർട്ട് സമർപ്പിക്കാൻ നിയമവിരുദ്ധ നടപടി സ്വീകരിച്ച സി-ഡിറ്റ് അധികാരിയുടെ പേരിൽ നടപടി സ്വീകരിക്കുമോ; പ്രസ്തുത റിപ്പോർട്ട് റദ്ദുചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുമോ?

# കേരള നിയമസഭ
# 28.06.2013-ലെ മറുപടിക്ക്

<u>സി- ഡിറ്റിന് തിരുവനന്തപുരത്ത് കെട്ടിടം</u>

4568 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി- ഡിറ്റിന് തിരുവനന്തപുരം പട്ടത്ത് നിർമ്മിക്കുവാൻ തീരുമാനിച്ച കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനത്തിന് ആരുമായാണ് കരാർ ഏർപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കെട്ടിനിർമ്മാണം ഏത് ഘട്ടത്തിലാണെന്നും ഇത് എന്നത്തേക്ക് പൂർത്തിയാക്കുമെന്നും വിശദമാക്കാമോ;

(സി) നിർമ്മാണ കമ്പനിയുമായി ഉണ്ടാക്കിയ കരാറിന്റെ പകർപ്പ്
ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത നിർമ്മാണത്തിന് പ്ലാനിംഗ് ബോർഡ് പ്ലാൻ വിഹിതം അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും പ്രസ്തുത തുക വകമാറ്റി ചെലവഴിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ പ്രസ്തുത തുക ഏതാവശ്യത്തിനാണ് വകമാറ്റി ചെലവഴിച്ചതെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 28.06.2013–ലെ മറുപടിക്ക്

<u>സി. ഡിറ്റിലെ ഗ്രൂപ്പ് ഹെഡ് നിയമനം</u>

4569 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൺസൾട്ടന്റ് എന്ന പേരിൽ നിയമിക്കപ്പെടുകയും പിന്നീട് ഗ്രൂപ്പ്ഹെഡ് എന്ന പുതിയ തസ്തികയിലേക്ക് മാറ്റം നൽകുകയും ചെയ്ത എത്ര ഉദ്യോഗസ്ഥർ സി. ഡിറ്റിൽ ഉണ്ട് ;

(ബി) അവരുടെ പേര്, ഗ്രൂപ്പ്ഹെഡ് ആയി നിയമിക്കപ്പെട്ട തീയതി എന്നിവ വ്യക്തമാക്കുമോ ;

(സി) സർക്കാരിന്റെ അനുമതിയില്ലാതെ ഗ്രൂപ്പ്ഹെഡ് എന്ന തസ്തികയിൽ നിയമനം നൽകിയത് ചട്ടലംഘനമാണെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ സി–ഡിറ്റ് ഡയറക്ടർക്കെതിരെ എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(ഇ) ഇത്തരത്തിൽ നൽകപ്പെട്ട ശമ്പളവും മറ്റാനുകൂല്യങ്ങളും തിരിച്ചു പിടിക്കാൻ നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**28.06.2013-ലെ മറുപടിക്ക്**

<u>വിദേശത്തു ജോലിക്കുപോയ സി-ഡിറ്റ് ജീവനക്കാർ</u>

4570 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന ജീവനക്കാർക്ക് കരാർ കാലാവധിയ്ക്കുള്ളിൽ വിദേശത്ത് ജോലിക്ക് പോകാനുള്ള വ്യവസ്ഥ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അങ്ങനെ വിദേശത്തു ജോലിക്കു പോയ സി-ഡിറ്റ് ജീവനക്കാരെ സംബന്ധിച്ചുള്ള എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 28.06.2013–ലെ മറുപടിക്ക്

വിദേശ ജോലിക്ക് പോയ സി.ഡിറ്റ്. ജീവനക്കാരനെ പിരിച്ചുവിട്ട നടപടി

4571 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരാർ കാലാവധിയിൽ സി.ഡിറ്റിൽ ജോലി ചെയ്തു വരവെ വിദേശത്തു ജോലിക്കായി പോയ ഏതെങ്കിലും ജീവനക്കാരനെ അക്കാരണത്താൽ പിരിച്ചു വിട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>സി- ഡിറ്റിൽ പ്രമോഷൻ നൽകാത്ത നടപടി</u>

4572 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി- ഡിറ്റിൽ ടെക്നിക്കൽ, അഡ്മിനിസ്ട്രേഷൻ, സയന്റിസ്റ്റ് എന്നീ വിഭാഗങ്ങളിലെ ജീവനക്കാർക്ക് പ്രമോഷൻ നൽകാതെ മുടങ്ങികിടക്കുന്ന അവസ്ഥയുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര വർഷമായി മുടങ്ങികിടക്കുന്നു; ഇതിന്റെ കാരണമെന്താണ് ;

(സി) ഇവരിൽ ഏതെങ്കിലും ഒരു ജീവനക്കാരന് മാത്രമായി 2013 -ൽ പ്രൊമോഷൻ നൽകിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആയത് സർക്കാർ അനുമതിയോടെയാണോ നൽകിയിട്ടുള്ളത്;

(ഇ) ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 28.06.2013–ലെ മറുപടിക്ക്

<u>മലയാള ഭാഷാചരിത്രത്തെക്കുറിച്ചുള്ള പുസ്തകം</u>

4573 ശ്രീ.സി. പി. മുഹമ്മദ്
'' ബെന്നി ബെഹനാൻ
'' പി. എ. മാധവൻ
'' റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയാളം ശ്രേഷ്ഠ ഭാഷയായി പ്രഖ്യാപിച്ചതിന്റെ ഭാഗമായി മലയാള ഭാഷയുടെ 2000 വർഷത്തെ ചരിത്രം പ്രതിപാദിച്ചു കൊണ്ട് ഒരു പുസ്തകം പുറത്തിറക്കുമോ;

(ബി) പുസ്തക രചനക്കായി കേരളത്തിലെ അറിയപ്പെടുന്ന ഭാഷാ വിദഗ്ധരുടെ ഒരു സമിതി രൂപീകരിക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിന്റെ നടപടിക്രമം</u>

4574 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പ് പ്രസിദ്ധീകരണയോഗ്യമെന്ന് കണ്ടെത്തുന്ന ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിന്റെ നടപടിക്രമങ്ങൾ വിശദമാക്കുമോ; ഇപ്രകാരം പ്രസിദ്ധീകരണയോഗ്യത നേടുന്ന ഗ്രന്ഥങ്ങൾ ഏത് മുൻഗണനാക്രമം പാലിച്ചാണ് പ്രസിദ്ധീകരിക്കുന്നതെന്ന് പറയാമോ;

(ബി) സാംസ്കാരിക വകുപ്പ് പ്രസിദ്ധീകരണ യോഗ്യമെന്ന് കണ്ടെത്തിയ മുൻഗണനാക്രമത്തിലുള്ള ലിസ്റ്റ് തെരഞ്ഞെടുത്ത തീയതിയടക്കം ലഭ്യമാക്കുമോ;

(സി) ഇത്തരം ഗ്രന്ഥങ്ങൾ മുൻഗണന തെറ്റിച്ച് പ്രസിദ്ധീകരിക്കുകയോ ചില ഗ്രന്ഥങ്ങൾ ചില പ്രത്യേക താൽപര്യങ്ങളുടെ പേരിൽ പ്രസിദ്ധീകരിക്കാതിരിക്കുകയോ ചെയ്തിട്ടുണ്ടോ; ഇത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) ശാസ്ത്രീയ സംഗീതത്തെ ഇംഗ്ലീഷ് നൊട്ടേഷനിലേയ്ക്ക് മാറ്റിക്കൊണ്ട് ചേർത്തല സ്വദേശിയായ ശ്രീ. ഗോപിനാഥൻ തയ്യാറാക്കിയതും സാംസ്കാരികവകുപ്പ് പ്രസിദ്ധീകരിക്കുവൻ തെരഞ്ഞെടുത്ത് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് കൈമാറിയതുമായ ഗ്രന്ഥം വർഷങ്ങൾ കഴിഞ്ഞിട്ടും പ്രസിദ്ധീകരിച്ചിട്ടില്ലെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>സാഹിത്യകാരൻമാർക്കും കലാകാരൻമാർക്കും ധനസഹായം നൽകുന്ന പദ്ധതികൾ</u>

4575 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാഹിത്യകാരൻമാർക്കും കലാകാരൻമാർക്കും ധനസഹായം നൽകുന്ന എന്തെല്ലാം പദ്ധതികൾ നിലവിൽ ഉണ്ട്; ഇവ നൽകുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് അറിയിക്കുമോ;

(ബി) വിവിധ നൃത്ത, സംഗീത, സാംസ്കാരിക സ്ഥാപനങ്ങൾക്ക് നിലവിൽ നൽകിവരുന്ന ഗ്രാന്റ് എന്തെല്ലാമെന്ന് വിശദാംശങ്ങൾ സഹിതം അറിയിക്കുമോ;

(സി) എന്തെല്ലാം പുരസ്കാരങ്ങൾ നിലവിൽ സാംസ്കാരിക വകുപ്പ് നൽകിവരുന്നു എന്ന വിവരം ലഭ്യമാക്കുമോ; എത്ര തുക ഓരോന്നിനും നൽകിവരുന്നു;

(ഡി) ഇക്കഴിഞ്ഞ സാമ്പത്തിക വർഷം പുരസ്കാരങ്ങൾ നൽകിയ
ഇനത്തിൽ എത്ര തുക ചെലവഴിച്ചുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ഇ) സാംസ്കാരിക സ്മാരകങ്ങളിൽ നിന്നും വിരമിച്ചിട്ടുള്ള ജീവനക്കാർക്ക് വേണ്ടി എന്തെങ്കിലും തരത്തിലുള്ള പെൻഷൻ പദ്ധതി നിലവിലുണ്ടോ; എങ്കിൽ, വിശദാംശം അറിയിക്കുമോ;

(എഫ്) പ്രസ്തുത പെൻഷൻ പദ്ധതിക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>'കുഞ്ചൻ നമ്പ്യാർ സ്മാരകം' വികസിപ്പിക്കുന്നതിനായി നടപടി</u>

4576 ശ്രീ.എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട്ജില്ലയിലെ കിള്ളിക്കുറിശ്ശിമംഗലത്തെ 'കുഞ്ചൻ നമ്പ്യാർ സ്മാരകം' വികസിപ്പിക്കുന്നതിനായി സ്മാരകത്തിന്റെ ചുറ്റുമുള്ള 80 സെന്റ് സ്ഥലം അക്വയർ ചെയ്ത് നൽകണമെന്ന് ആവശ്യപ്പെട്ട് 'കുഞ്ചൻ നമ്പ്യാർ സ്മാരകം' ഭാരവാഹികൾ അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ:

(ബി) പ്രസ്തുത അപേക്ഷയിൻ മേൽ എന്തു നടപടി സ്വീകരിച്ചു;

(സി) സ്ഥലം ഏറ്റെടുത്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവോ; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>കുഞ്ചൻനമ്പ്യാർ സ്മാരകം</u>

4577 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലക്കിടിയിലെ കുഞ്ചൻ നമ്പ്യാർ സ്മാരകത്തിൽ എന്തെല്ലാം കോഴ്സുകൾ ആണ് നിലവിലുളളത്; ഓരോ കോഴ്സിലേയും വിവിധ ബാച്ചുകളിലായി എത്ര വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്മാരകത്തിൽ കുഞ്ചൻനമ്പ്യാർ സ്മാരക കലാപീഠം എന്നാണ് ആരംഭിച്ചത്; ആരുടെ നേതൃത്വത്തിലാണ് ആരംഭിച്ചത്; അതിനോടനുബന്ധിച്ച് ഏതെല്ലാം പുതിയ കോഴ്സുകൾ ആരംഭിച്ചു; വിവിധ കോഴ്സുകളിലായി ആകെ എത്ര വിദ്യാർത്ഥികൾ പഠിയ്ക്കുന്നുണ്ട്;

(സി) നിലവിലെ കോഴ്സുകൾക്ക് പുറമെ ഫുൾടൈം ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കണമെന്ന ആവശ്യം സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ സർക്കാർ എന്തു തീരുമാനം കൈക്കൊണ്ടു എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സ്മാരകത്തെ തുളളലിന്റെ ആധികാരിക കേന്ദ്രമാക്കി സ്വതന്ത്ര സർവ്വകലാശാലാ പദവി നൽകണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(ഇ) 2006-2011 കാലഘട്ടത്തിൽ ലക്കിടി കിളളിക്കുറിശ്ശിമംഗലം കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന് എത്ര തുക അനുവദിച്ചു; എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി;

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

(എഫ്) 2011-12, 2012-13 എന്നീ കാലയളവിൽ എത്ര തുക അനുവദിച്ചു; ഏതെല്ലാം പ്രവർത്തനങ്ങൾ നടത്തി എന്ന് വിശദീകരിക്കാമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

ചേര്‍ത്തലയില്‍ കണ്ടെത്തിയ പായ്ക്കപ്പല്‍

4578 ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചേര്‍ത്തല കടക്കരപള്ളിയില്‍ കണ്ടെത്തിയ പായ്ക്കപ്പല്‍ പുരാവസ്തു വിഭാഗം ഏറ്റെടുത്തതിനുശേഷം ചെയ്തിട്ടുളള കാര്യങ്ങള്‍ വ്യക്തമാക്കുമോ;

(ബി) ഇനി എന്തു ചെയ്യാനാണ് തീരുമാനിച്ചിട്ടുളളത് എന്ന് പറയാമോ;

(സി) ഈ സ്ഥലം സര്‍ക്കാര്‍ ഏറ്റെടുത്തുവെങ്കിലും ഈ പായ്ക്കപ്പല്‍ സംരക്ഷിക്കുന്നതിനോ ഇതു സംബന്ധിച്ച കൂടുതല്‍ പഠനങ്ങള്‍ നടത്തുന്നതിനോ ഇതിന്റെ പ്രാധാന്യം പുതിയ തലമുറയ്ക്ക് ബോധ്യപ്പെടുത്താന്‍ കഴിയുന്ന ഒരു മ്യൂസിയമാക്കാനോ ഇനിയും തയ്യാറാകാത്തത് എന്തുകൊണ്ടാണെന്ന് പറയാമോ;

(ഡി) പായ്ക്കപ്പല്‍ സംരക്ഷിക്കുന്നതിനു വേണ്ട അടിയന്തിര നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>'ഹോസ്ദുർഗ്ഗ് കോട്ട' സംരക്ഷിക്കുന്നതിന് നടപടികൾ</u>

4579 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഹോസ്ദുർഗ്ഗ് കോട്ട സംരക്ഷിക്കുന്നതിന് ഏറ്റവും ഒടുവിൽ പ്രവൃത്തികൾ നടത്തിയത് എന്നാണ്; എത്ര തുകയാണ് ഇതിന് ചെലവഴിച്ചത്;

(ബി) ആസൂത്രണം ചെയ്തിരുന്ന പണികൾ പൂർത്തീകരിച്ചിരുന്നുവോ;

(സി) ഇപ്പോൾ കോട്ട നശിച്ചുകൊണ്ടിരിക്കുന്നതും കോട്ടയുടെ അകത്ത് കാട് കയറുന്നതും മാലിന്യങ്ങൾ നിക്ഷേപിക്കപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കോട്ട സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും പ്രത്യേക നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>സ്വപ്നസാഫല്യം പദ്ധതി</u>

4580 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സ്വപ്നസാഫല്യം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 28.06.2013–ലെ മറുപടിക്ക്

സാന്ത്വനം പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിനു വേണ്ട രേഖകൾ

4581 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യത്തിന്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

സാന്ത്വനം പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുവാൻ സ്വീകരിക്കേണ്ട നടപടി ക്രമങ്ങളേയും ഹാജരാക്കേണ്ട രേഖകളേയും സംബന്ധിച്ചുള്ള വിശദവിവരം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>സാന്ത്വനം പദ്ധതി</u>

4582 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ഹൈബി ഈഡൻ
,, കെ. ശിവദാസൻ നായർ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സാന്ത്വനം പദ്ധതി പ്രകാരം എന്നുമുതലാണ് ധനസഹായങ്ങൾക്ക് പ്രാബല്യമുളളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 28.06.2013–ലെ മറുപടിക്ക്

വിദേശത്ത് നിന്നും തിരികെയെത്തുന്ന തൊഴിലാളികൾ നേരിടുന്ന ആരോഗ്യ പ്രശ്നങ്ങൾ

4583 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ തേടി അന്യ രാജ്യങ്ങളിൽ പോകുന്ന തൊഴിലാളികൾ ഒട്ടേറെ ആരോഗ്യ പ്രശ്നങ്ങളുമായയാണ് നാട്ടിൽ തിരിച്ചെത്തുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരിൽ പലരുടെയും ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ അവരുടെ സമ്പാദ്യത്തെ പൂർണ്ണമായും നഷ്ടപ്പെടുത്തുകയും പലരുടെയും കുടുംബങ്ങളെ കടക്കെണിയിൽ പെടുത്തുന്നുവെന്നും ബോധ്യപ്പെട്ടിട്ടുണ്ടോ;

(സി) ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ഡി) ഇപ്രകാരം രോഗികളായി തിരികെയെത്തുന്ന പ്രവാസികളുടെ കുടുംബങ്ങളെ സഹായിക്കുവാൻ പദ്ധതി തയ്യാറാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>പ്രവാസികളുടെ സ്വയംതൊഴിൽ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാൻ സമഗ്ര പദ്ധതി</u>

4584 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരികെയെത്തിയ പ്രവാസികളുടെ സ്വയം തൊഴിൽ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സർക്കാർ നടപ്പിലാക്കിയ സമഗ്രപദ്ധതി വിശദമാക്കുമോ ;

(ബി) ഇതിലൂടെ 2012-13 വർഷത്തിൽ എത്ര പേർക്ക് സ്വയം തൊഴിൽ കണ്ടെത്താൻ കഴിഞ്ഞുവെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>വിദേശരാജ്യങ്ങളിൽ മരണപ്പെടുന്ന മലയാളികളുടെ മൃതദേഹങ്ങൾ നാട്ടിൽ എത്തിക്കുന്ന നടപടി</u>

4585 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശരാജ്യങ്ങളിൽ മരണപ്പെടുന്ന മലയാളികളുടെ മൃതദേഹങ്ങൾ നാട്ടിൽ എത്തിക്കുന്നതിന് സർക്കാർ നടത്തുന്ന ഇടപെടലുകൾ പലപ്പോഴും അപര്യാപ്തമാണ് എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൽ എന്തെല്ലാം സഹായങ്ങളും, നടപടികളുമാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്; വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

വിസ നിയമങ്ങൾ ലംഘിച്ചതിന് വിദേശ രാജ്യങ്ങളിൽ നിന്ന് തിരിച്ചയക്കപ്പെട്ടവർ

4586 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിസ നിയമങ്ങൾ ലംഘിച്ചത് മൂലം എത്ര മലയാളികളെ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ വിദേശ രാഷ്ട്രങ്ങളിൽ നിന്ന് തിരിച്ചയച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ തിരിച്ചയച്ചവരുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ നല്കുമോ;

(സി) ഏതെല്ലാം രാജ്യങ്ങളിൽ നിന്നാണ് ഇവരെ കയറ്റി അയച്ചതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>ശരിയായ വിസയുള്ളവരെയും നിതാഖത്ത് നിയമം വഴി തിരികെ അയച്ചതായ പരാതി</u>

4587 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ശരിയായ വിസയുള്ളവരെയും നിതാഖത്ത് നിയമം വഴി തിരികെ അയച്ചതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ രീതിയിൽ രാജ്യം വിടേണ്ടിവന്നവരെ തിരികെ അയക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>സൗദിഅറേബ്യയിൽ നിന്ന് മടങ്ങിവരുന്നവരെ</u>
<u>പുനരധിവസിപ്പിക്കാനുള്ള പാക്കേജ്</u>

4588 ശ്രീ. സി. പി. മുഹമ്മദ്
,, ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നിതാഖാത്ത് നിയമം നടപ്പിലാക്കിയതു നിമിത്തം 2013 മെയ് 31 വരെ എത്ര പേരാണ് തൊഴിൽ നഷ്ടപ്പെട്ട് കേരളത്തിലേക്ക് മടങ്ങിയതെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>പ്രവാസി ക്ഷേമനിധി ബോർഡിലെ അംഗത്വം</u>

4589 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസി ക്ഷേമനിധി ബോർഡിൽ അംഗത്വത്തിനുള്ള ഉയർന്ന പ്രായപരിധി എത്രയാണ്;

(ബി) ക്ഷേമനിധി ബോർഡിൽ എത്ര പേർ ഇപ്പോൾ അംഗങ്ങളായിട്ടുണ്ട് എന്നും കൂടുതൽ പേരെ അംഗങ്ങളാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നുമറിയിക്കാമോ ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>പ്രവാസി ക്ഷേമനിധി</u>

4590 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പ്രവാസികളുടെ ക്ഷേമനിധി അംഗത്വത്തിന് പ്രായപരിധി ഉയർത്തുന്നതിൽ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?